സബീനാ ബീവിയും മൂന്നു കുട്ടികളും കൊലചെയ്യപ്പെട്ട സംഭവം

87 (3277) ശ്രീ ബാബു ദിവാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 1999 ആഗസ്റ്റ് 8-ാം തീയതി കൊല്ലം ജില്ലയിലെ തൃക്കരുവാ പഞ്ചായത്തിൽ ഇഞ്ചവിള ജാസ്മിൻ മൻസിലിൽ സബീനാ ബീവിയും മൂന്ന് കുട്ടികളും കൊലചെയ്യപ്പെട്ട സംഭവത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം മന്ദഗതിയിൽ നീങ്ങുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) അന്വേഷണം സി.ബി.ഐ.യ്ക്ക് വിടാൻ ഉദ്ദേശിക്കുന്നുവോ ?

ഉത്തരം

(എ & ബി) ശ്രീമതി സബീനാ ബീവിയുടെയും മൂന്ന് കുട്ടികളുടെയും കൊലപാതകം സംബന്ധിച്ച് കേസ് തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ഗ്രൂപ്പിന്റെ ഊർജ്ജിതമായ അന്വേഷണത്തിലാണ്. കൊലചെയ്യപ്പെട്ട സബീനാ ബീവിയുടെ പൗൾട്രി ഫാമിൽ ജോലിക്ക് നിന്നിരുന്ന തമിഴ്നാട് തിരുനെൽവേലി സ്വദേശി മണിയാണ് കൊലപാതകം നടത്തിയതായി സംശയിക്കുന്നത്. സംഭവശേഷം ടിയാൻ തമിഴ്നാട്ടിൽ ഒളിവിൽ കഴിയുകയാണ്. പ്രതിയെ അന്വേഷിച്ച് കണ്ടുപിടിക്കുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് തമിഴ്നാട്ടിലുള്ള തിരുനെൽവേലി അംബാ സമുദ്രം, കീഴ്പുള്ളിയൂർ എന്നീ സ്ഥലങ്ങളിൽ ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

88 (3278) ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) എറണാകുളം റേഞ്ചിലെ പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട് ;

(ബി) എന്നാണ് ഇവിടെ ഈ തസ്തികളിൽ ഒഴിവുകൾ ഉണ്ടായത് ;

(സി) ഈ ഒഴിവുകൾ നികത്താതിരിക്കുവാൻ എന്തെങ്കിലും കാരണം ഉണ്ടോ ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) ഒഴിവ് നികത്താൻ എത്രയുംവേഗം നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എറണാകുളം റേഞ്ചിൽ എ.എസ്.ഐ.മാരുടെ 43 ഒഴിവുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly